**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3998** **21.06.2019 -ൽ മറുപടിക്ക്**

## വാമനപുരം മണ്ഡലത്തിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡി.കെ. മുരളി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി എന്താണ്; വിശദവിവരങ്ങൾ നൽകാമോ; | എ) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പ് വരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുക എന്ന ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. വിനോദ സഞ്ചാര രംഗത്തെ സുസ്ഥിര വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമാക്കുകയും പ്രസ്തുത പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി 2017 ജൂൺ മാസത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ (ആർ.ടി മിഷൻ) രൂപീകരിച്ചു. സാമ്പത്തികം, സാമൂഹികം, പാരിസ്ഥിതികം, എന്നീ ഉത്തരവാദിത്തങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് ടൂറിസം മേഖലയുടെ ഉത്തരവാദിത്ത പൂർണമായ വളർച്ച ഉറപ്പാക്കുന്നതിനായി മിഷൻ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. പ്രാദേശിക ജനസമൂഹത്തെ പ്രത്യക്ഷമായോ പരോക്ഷമായോ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിനാവശ്യമായ വിവിധ തൊഴിൽ പരിശീലനങ്ങളും അവബോധ ശിൽപശാലകളും സംഘടിപ്പിക്കുകയും അവരെ ആർ.ടി മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുക എന്നുള്ളത് ആർ.ടി മിഷന്റെ പ്രധാന പ്രവർത്തനമാണ്. നിലവിൽ |

പ്രത്യക്ഷമായയോ പരോക്ഷമായോ ടൂറിസം മേഖലയിൽ വിവിധ ഉൽപ്പന്നങ്ങളും സേവനങ്ങളും നൽകുന്ന 15515 രജിസ്റ്റേർഡ് ആർ.ടി മിഷൻ യൂണിറ്റുകൾ കേരളത്തിലൊട്ടാകെ പ്രവർത്തിക്കുന്നു.

ഉത്തരവാദിത്ത ടൂറിസം മിഷന്റെ വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ, കൾച്ചറൽ പാക്കേജുകൾ, ഫെസ്റ്റിവൽ പാക്കേജുകൾ തുടങ്ങിയ വിവിധ എക്സ്പീരിയൻഷ്യൽ ടൂർ പാക്കേജുകളിലൂടെ തദ്ദേശീയരായ ജനസമൂഹത്തിന് മുടക്കമില്ലാതെ തങ്ങളുടെ പരമ്പരാഗത തൊഴിലുകൾ ചെയ്യുന്നതിനും അധിക മുതൽമുടക്കില്ലാതെ കൂടുതൽ വരുമാനം ഉറപ്പ വരുത്തുന്നതിന് സാധിക്കുന്നു. ടൂറിസം വ്യവസായത്തിനാവശ്യമായ വിവിധ ഉൽപ്പന്നങ്ങൾ (ഹോട്ടൽ/ റിസോർട്ടുകളിലേക്ക് ആവശ്യമായ പാൽ, മുട്ട, പച്ചക്കറി, പഴങ്ങൾ, വാഴയില, തേങ്ങ, കരിക്ക് ഇറച്ചി, മീൻ എന്നിങ്ങനെയുള്ളവ) കരകൗശല വസ്തുക്കൾ, പേപ്പർ/ തുണി സഞ്ചികൾ എന്നിങ്ങനെ വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം തദ്ദേശീയർക്ക് നൽകുകയും യൂണിറ്റുകളായി രജിസ്റ്റർ ചെയ്തു പ്രസ്തുത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ചു വരുമാന ലഭ്യതയും ഉറപ്പ വരുത്തുന്നു. പ്രാദേശിക കലാപ്രവർത്തകരെ ആർ.ടി മിഷൻ യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഹോട്ടലുകളിലും, റിസോർട്ടുകളിലും നേരിട്ട് പ്രോഗ്രാം ചെയ്യുന്നതിനും, ടൂറിസ്റ്റുകൾക്ക് നേരിട്ട് പ്രോഗ്രാം ബുക്ക് ചെയ്യുന്നതിനുമായി ആർ.ടി ആർട്ട് ആന്റ് കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തദ്ദേശീയരായ ആളുകൾക്ക് ജോലി സാധ്യത ഉറപ്പ വരുത്തുന്നതിനായി ആർ.ടി ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി എന്നീ മൂന്ന് ഓൺ ലൈൻ നെറ്റ് വർക്കുകൾ ഇതിനായി രൂപീകരിച്ചിട്ടുണ്ട്. ഈ നെറ്റ് വർക്കുകൾ പ്രാദേശിക സമൂഹത്തെ നേരിട്ട് ടൂറിസം വ്യവസയവുമായി ബന്ധിപ്പിക്കുന്നു.

ഒരു കാലത്ത് തദ്ദേശീയരായ ജനങ്ങൾക്ക് എടുത്തു പറയത്തക്കയാതൊരു പങ്കുമില്ലായിരുന്ന ടൂറിസം വികസന പ്രക്രിയയിൽ, പ്രാദേശിക പങ്കാളിത്തം ഉറപ്പ വരുത്തുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ ആരംഭിച്ച പദ്ധതിയാണ് 'പെപ്പർ' എന്ന ചുരുക്കെഴുത്തിൽ അറിയപ്പെടുന്ന 'പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം'. ഈ പദ്ധതിയിലൂടെ ഒരു പ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര ടൂറിസം വികസനത്തിന് വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി ആ പ്രദേശത്തു വിശേഷാൽ ഗ്രാമസഭ സംഘടിപ്പിക്കുന്നു. ഗ്രാമസഭയെത്തുടർന്ന് പ്രദേശത്തെ ടൂറിസം സാധ്യതകൾ രേഖപ്പെടുത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് നടക്കുന്നു. ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കുന്നു, ടൂർ പാക്കേജുകൾ തയ്യാറാക്കുന്നു. പ്രദേശവാസികൾക്കായി വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. ആ പ്രദേശത്തു ടൂറിസം വികസനവുമായി ബന്ധപ്പെട്ട ചെയ്യാവുന്ന വിവിധ പദ്ധതികൾ തയ്യാറാക്കി അവ നടപ്പാക്കുന്നു എന്നിങ്ങനെ വിവിധ തലങ്ങളിലൂടെ ടൂറിസം ആസൂത്രണം മുതൽ നിർവഹണം വരെ പ്രാദേശിക പങ്കാളിത്തം ഉറപ്പ വരുത്തുന്ന പദ്ധതിയാണ് പെപ്പർ.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി പ്രകാരം 2018-19 വർഷത്തിൽ വാമനപുരം നിയോജക മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ | ബി) | വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല ഗ്രാമ പഞ്ചായത്തിനെ ഉത്തരവാദിത്ത ടൂറിസം മിഷന്റെ 'പെപ്പർ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിൽ 'പെപ്പർ' പദ്ധതി ആരംഭിക്കുന്നതിന്റെ ആദ്യപടിയായ സ്പെഷ്യൽ ടൂറിസം ഗ്രാമസഭ സംഘടിപ്പിച്ചിരുന്നു. തുടർന്ന് പ്രദേശത്ത് ടൂറിസം റിസോഴ്സ് മാപ്പിംഗ് നടത്തി മലയാളത്തിലുള്ള ടൂറിസം റിസോഴ്സ് ഡയറക്ടറി തയ്യാറാക്കി. ആയതിന്റെ ഇംഗ്ലീഷിലേക്കുള്ള തർജ്ജമ പൂർത്തിയായി വരുന്നു. |

അറിയിക്കുമോ;

| | | | |
|---|---|---|---|
| സി) | വരും വർഷങ്ങളിൽ എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത മണ്ഡല ത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്ത മാക്കുമോ? | സി) | 2019-20 സാമ്പത്തിക വർഷം വിവിധ എക്സ്പീരിയൻഷ്യൽ ടൂറിസം പാക്കേജുകൾ തയ്യാറാക്കി മാർക്കറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അതിനാവശ്യമായ വിവിധ പരിശീലനങ്ങൾ നടത്തുകയും ആർ.ടി മിഷൻ യൂണിറ്റ് രജിസ്ട്രേഷൻ തുടരുകയും രജിസ്റ്റർ ചെയ്ത യൂണിറ്റുകളെ ടൂറിസം മേഖലയുമായി ബന്ധിപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയുമാണ് പദ്ധതിയുടെ ഉദ്ദേശം. |

സെക്ഷൻ ഓഫീസർ